# കേരള സർക്കാർ

നം. 568/ഡിപി1/2007/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡിപി) വകുപ്പ്
തിരുവനന്തപുരം, തിയതി : 27.01.2007

## സർക്കുലർ

വിഷയം: തസ്വഭവ – കമ്പ്യൂട്ടർവൽക്കരണം – ജില്ലാ പഞ്ചായത്തുകളിൽ കമ്പ്യൂട്ടർ വൽക്കരണത്തിനാവശ്യമായ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് – നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 06.12.2006 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 1 .14–ാം നമ്പർ തീരുമാനം

ജില്ലാ പഞ്ചായത്തുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനാവശ്യമായ കമ്പ്യൂട്ടറുകളും മറ്റു അനുബന്ധ ഉപകരണങ്ങളും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ചുവടെ പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

കമ്പ്യൂട്ടർവൽക്കരണത്തിന് ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും (Server, COTS software എന്നിവ ഒഴികെയുള്ളവ) ഇൻഫർമേഷൻ കേരള മിഷൻ നിശ്ചയിച്ചിട്ടുള്ള സ്റ്റാൻഡേർഡുകളും സ്പെസിഫിക്കേഷനുകളും അനുസരിച്ച് ജില്ലാ പഞ്ചായത്തുകൾക്ക് നേരിട്ട് വാങ്ങാവുന്നതാണ്. Server, COTS software എന്നിവ ഇൻഫർമേഷൻ കേരള മിഷൻ വാങ്ങി നൽകുന്നതാണ്. Server, printer, modem, cabling, COTS software എന്നിവ സ്ഥാപിക്കുന്നതിനും ജനപ്രതിനിധികൾക്കും ജീവനക്കാർക്കും പരിശീലനത്തിനും മറ്റും വേണ്ടി വരുന്ന പരമാവധി തുകയായ താഴെ പറയുന്ന ചെലവുകൾ ജില്ലാ പഞ്ചായത്തുകൾ ഇൻഫർമേഷൻ കേരള മിഷന് നൽകേണ്ടതാണ്.

| ക്രമ നമ്പർ | ഇനം | എണ്ണം | യൂണിറ്റ് ചെലവ് | ആകെ ചെലവ് (രൂപ) |
|---|---|---|---|---|
| 1 | സെർവ്വർ | 1 | 80,000 | 80,000 |
| 2 | ഓപ്പറേറ്റിംഗ് സിസ്റ്റം – സെർവ്വർ | 1 | 21,000 | 21,000 |
| 3 | റിലേഷണൽ ഡാറ്റാബേസ് | 1 | 26,000 | 26,000 |
| 4 | ആന്റി വൈറസ് | 13 | 960 | 12,480 |
| 5 | ഐ.എസ്.എം | 1 | 23,000 | 23,000 |
| 6 | സെർവ്വർ ക്ലയന്റ് അക്സസ്സ് | 12 | 940 | 11,280 |

| | | | | |
|---|---|---|---|---|
| | ലൈസൻസ് | | | |
| 7 | ഡാറ്റാ ബേസ് ക്ലയന്റ് അക്സസ്സ് ലൈസൻസ് | 12 | 5,600 | 67,200 |
| 8 | എം.എസ്.ഓഫീസ് സ്റ്റാൻഡാർഡ് – ഇൻഡിക് | 12 | 7,900 | 94,800 |
| 9 | പരിശീലനം – ജനപ്രതിനിധികൾ | 300 മനുഷ്യ ദിനങ്ങൾ | 1,000 | 3,00,000 |
| 10 | പരിശീലനം – ഉദ്യോഗസ്ഥർ | 300 മനുഷ്യ ദിനങ്ങൾ | 1,000 | 3,00,000 |
| 11 | ആപ്ലിക്കേഷനുകളുടെ നവീകരണം | 5 എണ്ണം | | 75,000 |
| 12 | ടെക്നിക്കൽ അസിസ്റ്റന്റിന്റെ ശമ്പളം | 1 വർഷം | 6,000 | 72,000 |
| 13 | പ്രൊക്യുവർമെന്റ് ചാർജ്ജസ് | | | 16,788 |
| 14 | സിസ്റ്റം ഇന്റഗ്രേഷൻ ചാർജ്ജസ് | | | 16,788 |
| **ആകെ** | | | | **11,16,336** |

ഇതിനു പുറമെ ജില്ലാ പഞ്ചായത്തുകൾ വാങ്ങേണ്ട ഉപകരണങ്ങളുടെ വിശദാംശങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ ജില്ലാ പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതാണ്. ജില്ലാ പഞ്ചായത്തുകൾ നേരിട്ട് നടപ്പാക്കേണ്ട ഇനങ്ങളും പരമാവധി ചെലവാക്കാവുന്ന തുകയും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | യൂണിറ്റ് ചെലവ് | ആകെ ചെലവ് (രൂപ) |
|---|---|---|---|---|
| 1 | കമ്പ്യൂട്ടറുകൾ (അക്കൗണ്ട്സ് (3), സെക്രട്ടറി, പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ (5), ഇൻജിനീയറിംഗ് സെക്ഷൻ, ജനറൽ (4) | 12 | 29,000 | 348,000 |
| 2 | പ്രിന്ററുകൾ | 6 | 9,500 | 57,000 |
| 3 | യു.പി.എസ്സ് | 1 | 120,000 | 120,000 |
| 4 | ഈതർനെറ്റ് സ്വിച്ച് | 1 | 8,000 | 8,000 |
| 5 | നെറ്റ്വർക്കിംഗ് | മൊത്തം | | 25,000 |
| 6 | വൈദ്യുതീകരണം | മൊത്തം | | 30,000 |
| 7 | ഫർണിച്ചർ | 13 | 6,000 | 78,000 |
| 8 | മരാമത്ത് പണികൾ | മൊത്തം | | 50,000 |
| 9 | വിവരശേഖരണം | മൊത്തം | | 100,000 |
| 10 | ഡാറ്റാ എൻട്രി | മൊത്തം | | 50,000 |
| 11 | മറ്റിനങ്ങളും മുൻകൂട്ടി കാണാനാകാത്ത ചെലവുകളും | 1 വർഷം | 59,038 | 59,038 |
| **ആകെ** | | | | **925,038** |

മുകളിൽ പറഞ്ഞ ഇനങ്ങളിൽ നിന്നും ഇപ്പോൾ നിലവിലുള്ള കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ മുതലായവ കുറയ്ക്കേണ്ടതാണ്.

മുകളിൽ പരാമർശിച്ച ചെലവുകൾ വഹിക്കുന്നതിന് വേണ്ട തുക 2006-07 ലെയോ 2007-08 ലെയോ വികസന ഫണ്ടിൽ നിന്ന് കണ്ടെത്തേണ്ടതാണ്. നടപ്പുവർഷത്തെ വിഹിതത്തിൽ നിന്ന് ഈ തുക കണ്ടെത്താൻ കഴിയുകയില്ലെങ്കിൽ ഇൻഫർമേഷൻ കേരള മിഷൻ ഇതിനാവശ്യമായ തുക കണ്ടെത്തി ഈ സൗകര്യങ്ങൾ നടപ്പു വർഷം തന്നെ ഏർപ്പെടുത്തുകയും അടുത്ത വർഷം ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തുകൾ തുക ഇൻഫർമേഷൻ കേരള മിഷന് നൽകേണ്ടതുമാണ്.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. അർബൻ അഫയേഴ്സ് ഡയറക്ടർ, തിരുവനന്തപുരം
3. ഗ്രാമവികസന വകുപ്പ് കമ്മീഷണർ, തിരുവനന്തപുരം

(1–3: ബന്ധപെട്ട എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും അറിയിക്കേതാണ്)

4. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
5. പ്രസിഡന്റ്/സെക്രട്ടറി, എല്ലാ ജില്ലാപഞ്ചായത്തുകളും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്, തിരുവനന്തപുരം
7. എല്ലാ ജില്ലാ കളക്ടർമാർക്കും
8. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം
9. അക്കൗണ്ടന്റ് ജനറൽ (എ & ഇ) (ഓഡിറ്റ്) കേരള, തിരുവനന്തപുരം
10. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
11. ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
12. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ